പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 423 12.06.2012 -ലെ മറുപടി

പുതിയ റൂട്ടുകളും കെ.എസ്.ആർ.ടി.സി.യുടെ നഷ്ടവും

ചോദ്യം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യെ നഷ്ടത്തിൽ നിന്നും കരകയറ്റുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം നികത്തുന്നതിന്റെ ഭാഗമായി വാഹനങ്ങളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഒരു Fuel Cell രൂപീകരിക്കുകയും എല്ലാ യൂണിറ്റുകളിലും സർവ്വീസ് നടത്തുന്ന റൂട്ട്, ഷെഡ്യൂൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഡീസൽ ടാർഗറ്റ് നിശ്ചയിക്കുകയും അതിലൂടെ ഇന്ധനചെലവിൽ നിയന്ത്രണം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ കെ.എസ്.ആർ.ടി.സി ഡ്രൈവർമാർക്ക് ബസ്സുകളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുകയും KMPL = 5 എന്ന ലക്ഷ്യത്തോടു കൂടി പ്രവർത്തിച്ച് വരികയും ചെയ്യുന്നു.<br>വാഹനങ്ങളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട പരിപാലനത്തിനും മെക്കാനിക്കൽ വിഭാഗം ഉദ്യോഗസ്ഥർക്ക് പ്രമുഖ വാഹന നിർമ്മാതാക്കളുടെയും, വാഹന ഘടനകളുടെ നിർമ്മാതാക്കളുടെയും ആഭിമുഖ്യത്തിൽ പരിശീലനം നൽകി വരുന്നു. ഇതു കൂടാതെ ഇന്ധന ക്ഷമത വർദ്ധിപ്പിക്കുന്നതിനും അപകടം കുറയ്ക്കുന്നതിനുമായി ഡ്രൈവർമാർക്ക് Petroleum Conservation Research Association (PCRA) - ന്റെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.<br>Non-operational revenue വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി വാണിജ്യ |

| | | | |
|---|---|---|---|
| | | | പ്രാധാന്യമുള്ള സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സോടുകൂടിയ ബസ് ടെർമിനലുകൾ പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.<br>നഷ്ടത്തിലുള്ള ഷെഡ്യൂളുകൾ പുന:ക്രമീകരിച്ചും കൂടുതൽ സൂപ്പർ ക്ലാസ്സ് സർവ്വീസുകൾ ആരംഭിച്ചും വരുമാനം വർദ്ധിപ്പിക്കുന്നതാണ്.<br>കെ.എസ്.ആർ.ടി.സി യുടെ നഷ്ടത്തെ സംബന്ധിച്ച് പഠനം നടത്തുന്നതിനായി<br>M/s Varma & Varma, Chartered Accountants എന്ന സ്ഥാപനത്തെ നിയോഗിക്കുകയും കോർപ്പറേഷന്റെ പുന:ക്രമീകരണത്തിനുമായുള്ള നിർദ്ദേശങ്ങൾ അടങ്ങിയ പ്രാഥമിക റിപ്പോർട്ട് കെ.എസ്.ആർ.ടി.സി യ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പുതിയ റൂട്ടുകൾ അനുവദി ക്കു ന്നതിന് നിലവിൽ എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോ; | (ബി) | പുതിയ ഒരു സർവ്വീസ് ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചാൽ ആയത് സാധ്യതാ പഠനത്തിന് വിധേയമാക്കുകയാണ് പതിവ്. യാത്രക്കാർക്ക് പ്രയോജന പ്രദമായും കെ.എസ്.ആർ.ടി.സി. യ്ക്ക് ലാഭകരമായും നടത്തുവാൻ കഴിയുമെന്ന് ബോധ്യപ്പെട്ടാൽ ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് സർവ്വീസ് ആരംഭിക്കുന്നതാണ്. എന്നിരുന്നാലും ദേശസാൽകൃത റൂട്ടുകളിലും നോട്ടിഫൈഡ് റൂട്ടുകളിലും സർവ്വീസ് ആരംഭിക്കുന്നതിനാണ് കെ.എസ്.ആർ.ടി.സി. മുൻഗണന നൽകുന്നത്. |
| (സി) | പുതുതായി എന്തെങ്കിലും മാനദണ്ഡങ്ങൾ കൊണ്ടുവരുന്നതിന് ഉദ്ദേശമുണ്ടോ; വിശദമാക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |

(signature)

സെക്ഷൻ ഓഫീസർ